## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

M.A.Cinematography പ്രോഗ്രാം സിലബസ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

അക്കാദമിക് എ9 സെക്ഷൻ

സ.ഉ.നം.6093/Ac AIX/2/M.A.Cinematography/2017 തീയതി. 13.10.2017 പി.ഡി.ഹിൽസ്

==========================================================================

സൂചന:- (1) കൺവീനർ, വിദഗ്ധസമിതി സമർപ്പിച്ച സിലബസ്.

(2) 14.08.2017 -ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 17/എ.സി.17/17198.

(3) 25.09.2017-ൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗ നടപടിയുടെ ഇനം. നമ്പർ.06.

(4) ബഹു. വൈസ് ചാൻസിലറുടെ 04.10.2017-ലെ ഉത്തരവ്.

## ഉത്തരവ്

സൂചന (1) പ്രകാരം എം.എ അനിമേഷൻ, എം.എ.സിനിമ ആന്റ് ടെലിവിഷൻ, എം.എ.മൾട്ടീമീഡിയ, എം.എ ഗ്രാഫിക് ഡിസൈൻ എം.എ പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേർണലിസം (പി.ജി) എന്നീ പ്രോഗ്രാമുകളുടെ വിദഗ്ധസമിതി കൺവീനർ PGCSS Regulations 2011 പ്രകാരം M.A.Cinematography പ്രോഗ്രാമിന്റെ സ്കീമും സിലബസും അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രൊ വൈസ് ചാൻസിലറുടെ 12.04.17-ലെ ഉത്തരവ് പ്രകാരം ടി വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിച്ചിരുന്നു.

സൂചന (2) പ്രകാരം 14.08.2017 -ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗം ടി വിഷയം അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനയ്ക്കും ശുപാർശകൾക്കുമായി സമർപ്പിക്കുവാൻ തീരുമാനിച്ചു.

സൂചന (3) പ്രകാരം 25.09.2017-ൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം പ്രസ്തുത വിഷയം പരിഗണിക്കുകയും താഴെ പറയുന്ന ശിപാർശകൾ നൽകുകയുമുണ്ടായി.

“M.A. Cinematography പ്രോഗ്രാമിന്റെ സ്കീമും സിലബസും അംഗീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.”

സൂചന (4) പ്രകാരം ബഹു. വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ 3 സെക്ഷൻ 10 (17) പ്രകാരമുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് ടി ശിപാർശ അംഗീകരിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ദിലീപ് കുമാർ. ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സിയുടെ പി.എസ്.
2. പി. വി.സിയുടെ പി.എസ്.
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. ജെ. ആർ II (ഭരണവിഭാഗം)/ഡി.ആർ II/ എ.ആർ III (അക്കാദമിക്)
5. ജെ. ആർ IV/ ഡി.ആർ VI/ എ.ആർ XXII (പരീക്ഷാവിഭാഗം)
6. EB IX സെക്ഷൻ (സിലബസിന്റെ പകർപ്പ് സഹിതം) / സിസ്റ്റം മാനേജർ
7. എസി.എI /എസി. എVII /എസി.ബി VI/എസി.ബി VII/ എസി. സി സെക്ഷൻ
8. കണ്ടന്റ് മാനേജ്മെന്റ് / ഐ.ക്യു.എസി
9. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എ9/2/ M.A.Cinematography/2017